**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **10-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനം കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്രയെന്നും ആയത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോയെന്നും വ്യക്തമാക്കുമോ; | (എ) | 2020-21-ലെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ നിലവി ലുള്ള വനവിസ്തൃതി 11524.913 ച.കി.മീ ആണ്. ആയത് ദേശീയ ശരാശരിയെക്കാൾ 6.42% കൂടുതലാണ്. |
| (ബി) | കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെന്നും ഈ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം നാളിതുവരെ ഒഴിപ്പിച്ചുവെന്നും വിശദമാക്കുമോ; | (ബി) | വനം വകുപ്പിന്റെ വിവിധ സർക്കിളുകളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 60.45848 ഹെക്ടറും, ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 21.87268 ഹെക്ടറും വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; കയ്യേറ്റം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2020-21-ലെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 5024.535 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. വനം കയ്യേറ്റം തടയുന്നതിന്റെ ഭാഗമായി വനാതി ർത്തികളിൽ സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തി അംഗീകൃത സ്കെച്ച് പ്രകാരം അതിർത്തി നിർണ്ണയം നടത്തി സ്ഥിരം ജണ്ടകൾ സ്ഥാപിച്ചും, വനാതിർത്തികളിൽ പെട്രോളിംഗ്, പെരാമ്പുലേഷൻ എന്നിവ നടത്തി പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ യഥാസമയങ്ങളിൽ ഒഴിപ്പിച്ചും വനം കയ്യേറ്റം തടയുന്നതിന് വേണ്ടി യുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ട്; ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; വ്യക്തമാക്കാമോ? | (ഡി) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ വനം സർക്കിളുകളിൽ നിലവിൽ 195 കേസുകൾ തീർപ്പാക്കാനുണ്ട്. വനം കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷക്ക് വിധേയമാക്കുന്നതി നുമായി യഥാ സമയം കേസുകൾ രജിസ്റ്റർ ചെയ്ത് സമയബന്ധിത മായി അന്വേഷണം പൂർത്തിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ